എൽ.സി.ഒ /4895/2025-E(4)

ലേബർ കമ്മീഷണറുടെ കാര്യാലയം,

തൊഴിൽ ഭവൻ, വികാസ് ഭവൻ.പി.ഒ

തിരുവനന്തപുരം – 695033

തീയതി : 17-11-2025

ഫോൺ : 0471 – 2783920

Email : lcofficeesection@gmail.com

## സർക്കുലർ :18/2025

വിഷയം :- തൊഴിൽ വകുപ്പ് - ജീവനക്കാര്യം – ശൂന്യവേതനാവധി, പ്രൊബേഷൻ ഡിക്ലറേഷൻ, ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യൽ തുടങ്ങിയവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷ, ശിപാർശ എന്നിവയോടൊപ്പം ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നത് - കർശന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാരിൽ നിന്നുള്ള 24.10.2025 തീയതിയിലെ ഡി2/367/2025/തൊഴിൽ നമ്പർ കത്ത്.

ജീവനക്കാരുടെ ശൂന്യവേതനാവധി ഉൾപ്പെടെയുള്ള അവധികൾ, പ്രൊബേഷൻ ഡിക്ലറേഷൻ , ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യൽ തുടങ്ങിയവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം പലപ്പോഴും മതിയായ രേഖകളോ വ്യക്തമായ ശിപാർശയോ ഉൾപ്പടുത്താത്തത് ഇവ കൈകാര്യം ചെയ്യുന്നതിൽ അനാവശ്യമായ കാലതാമസത്തിന് ഇടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ജീവനക്കാരുടെ ശൂന്യവേതനാവധി ഉൾപ്പെടെയുള്ള അവധികൾ, പ്രൊബേഷൻ ഡിക്ലറേഷൻ, ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യൽ തുടങ്ങിയവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഇവ പരിശോധിക്കുന്നതിനാവശ്യമായ ആധികാരിക രേഖകൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം ബന്ധപ്പെട്ട മേലധികാരിയുടെ / നിയന്ത്രണാധികാരിയുടെ വ്യക്തമായ ശിപാർശ സഹിതം മാത്രമേ ഈ

കാര്യാലയത്തിലേക്ക് ലഭ്യമാക്കുവാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം എല്ലാ ഉപകാര്യാലയങ്ങൾക്കും ഓഫീസർമാർക്കും നൽകുന്നു.

Safna Nazarudeen
LABOUR COMMISSIONER

പകർപ്പ്:-

1. ലേബർ കമ്മീഷണറുടെ പ . എ.
2. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം / കോഴിക്കോട് / എറണാകുളം
3. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, കോട്ടയം
4. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
5. എല്ലാ ഉപകാര്യാലയങ്ങൾക്കും (വെബ് സൈറ്റ് മുഖേന)
6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
7. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട് (ഇ)